**ഇലക്ഷൻ അടിയന്തരം**

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, കേരളം
തിരുവനന്തപുരം -695033

നമ്പർ:B2/20/2026-SEC തീയതി: **22-09-2026**

പ്രേഷകൻ

സെക്രട്ടറി

സ്വീകർത്താവ്

ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ & ജില്ലാ കളക്ടർ,
തിരുവനന്തപുരം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, വയനാട്, കാസർഗോഡ്.

സർ,

വിഷയം:- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - വിവിധ ജില്ലകളിലെ 38 തദ്ദേശ സ്വയംഭരണ നിയോജകമണ്ഡലങ്ങളിലേക്ക്/ വാർഡുകളിലേക്ക് 2026 സെപ്റ്റംബർ 28-ാം തീയതി (തിങ്കൾ) നടത്തുവാൻ നിശ്ചയിച്ചിട്ടുള്ള ഉപതിരഞ്ഞെടുപ്പിനുള്ള നിർദ്ദേശങ്ങൾ നൽകുന്നത് - സംബന്ധിച്ച്.

സൂചന:- 1. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 01.09.2026, 08.09.2026 തീയതികളിലെ B2/20/2026-SEC നമ്പർ നിർദ്ദേശങ്ങൾ.
2.സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 03.09.2026-ലെ 20/2026/സം.തി.ക മുതൽ 25/2026/സം.തി.ക വരെയുള്ള വിജ്ഞാപനങ്ങൾ.

സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അംഗങ്ങളുടെ /കൗൺസിലർമാരുടെ ഒഴിവുകൾ വന്നിട്ടുള്ള 38 നിയോജകമണ്ഡലങ്ങളിലേക്ക് /വാർഡുകളിലേക്ക് 2026 സെപ്റ്റംബർ 28-ാം തീയതി (തിങ്കൾ) നടത്തേണ്ട ഉപതിരഞ്ഞെടുപ്പ് സംബന്ധിച്ച് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ സത്വര നടപടികൾക്കായി നൽകുന്നു.

1. പോളിംഗ് സ്റ്റേഷനിലെ ഉപയോഗത്തിനുള്ള വോട്ടർപട്ടികയുടെ മാർക്കഡ് കോപ്പികൾ (തപാൽ വോട്ടുള്ളിടത്ത് അത് മാർക്ക് ചെയ്തത്) ശ്രദ്ധാപൂർവ്വം വരണാധികാരിയും ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസറും ചേർന്ന് തയ്യാറാക്കി നൽകേണ്ടതാണ്.
2. ഉപതിരഞ്ഞെടുപ്പ് നടക്കുന്ന നിയോജകമണ്ഡലങ്ങളിലെ പൊതുയോഗങ്ങളും പ്രചാരണവും **26.09.2026 (ശനി) 6 PM** ന് അവസാനിക്കുന്നതാണ്.
3. പുതിയ വോട്ടർമാർക്കുള്ള വോട്ടർ സ്ലിപ്പ് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ തയ്യാറാക്കി രേഖാമൂലം അവർക്ക് നൽകേണ്ടതാണ്.
4. ഉപതിരഞ്ഞെടുപ്പ് വേളയിലെ EVM കമ്മീഷനിംഗ്, ഡിസ്ട്രിബ്യൂഷൻ, കളക്ഷൻ & കൗണ്ടിംഗ്

സെന്റർ പ്രവർത്തനം, റിസർവ്വ് നിയമനം എന്നിവയ്ക്കുള്ള ഉദ്യോഗസ്ഥ വിന്യാസവും മറ്റും സംബന്ധിച്ച് കമ്മീഷന്റെ 15.09.2026 ലെ A2/60/2026 നമ്പർ ഉത്തരവ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. റിസർവ് ഉദ്യോഗസ്ഥരുടെ നിയമനത്തിന് പരിഗണിക്കേണ്ടത് പ്രിസൈഡിംഗ് ഓഫീസർ, ഫസ്റ്റ് പോളിംഗ് ഓഫീസർ എന്നീ കാറ്റഗറിയിലുള്ള ഉദ്യോഗസ്ഥരെയാണ്. ജില്ലയിലെ ഓരോ തദ്ദേശ സ്ഥാപനത്തിനും (വരണാധികാരി) ആവശ്യമായത് എന്നതിന്റെ അടിസ്ഥാനത്തിലാണ് മേൽ സൂചിപ്പിച്ചവയ്ക്ക് കമ്മീഷൻ നൽകിയിട്ടുള്ള കണക്ക് പ്രകാരമുള്ള ക്രമീകരണം നടത്തേണ്ടത്.

5. വോട്ടെടുപ്പിന് വേണ്ട വോട്ടിംഗ് മെഷീൻ (EVM) പ്രവർത്തന സജ്ജമാക്കുന്നത് സംബന്ധിച്ച് അടിസ്ഥാന നിർദ്ദേശങ്ങൾ 14.09.2026 ലെ B1/48/2026 നമ്പർ കത്തിൽ നൽകിയിട്ടുണ്ട്. 2025- ലെ MPEVMS മാനുവൽ കൂടി പരിശോധിച്ച് വേണം വിവിധ ഘട്ടങ്ങളിലെ പ്രവൃത്തികൾ നടത്തേണ്ടത്.
6. കൗണ്ടിംഗ് സ്റ്റേഷനുകളായി പ്രവർത്തിക്കുന്ന സ്കൂളുകളുണ്ടെങ്കിൽ ആവശ്യകതയ്ക്കനുസരിച്ച് ജില്ലാ കളക്ടറുടെ വിവേചനാധികാരം ഉപയോഗിച്ച് അവധി പ്രഖ്യാപിക്കാവുന്നതാണ്.
7. വോട്ടെടുപ്പ് പ്രക്രിയയുടെ പുരോഗതി നിരീക്ഷിക്കുന്നതിനായി വിന്യസിക്കുന്ന Poll Manager ആപ്പിന്റെ തടസരഹിതമായ പ്രവർത്തനം ഉറപ്പാക്കേണ്ടതും അതിലെ ഓരോ ഘട്ടത്തിലും ഉള്ള പോളിംഗ് ശതമാനവും മറ്റ് വിവരങ്ങളും യഥാസമയം അപ്ഡേറ്റ് ചെയ്യപ്പെടുന്നുണ്ടോയെന്ന് വീക്ഷിക്കേണ്ടതും ട്രെയിനിങ്ങിൽ അതിനാവശ്യമായ പരിശീലനം ബന്ധപ്പെട്ടവർക്ക് നൽകേണ്ടതുമാണ്.
8. 28.09.2026 ന് പോളിംഗ് സ്റ്റേഷനിൽ ഡ്യൂട്ടിയുള്ള പോളിംഗ് ഉദ്യോഗസ്ഥർക്ക് 29.09.2026 ന് കൂടി ഡ്യൂട്ടി ലീവിന് അർഹതയുണ്ടായിരിക്കുന്നതാണ്.
9. **29.09.2026-ൽ** രാവിലെ 10 മണിക്ക് വോട്ടെണ്ണൽ ആരംഭിക്കേണ്ടതും തപാൽ വോട്ടുകളുണ്ടെങ്കിൽ അവ ആദ്യം എണ്ണേണ്ടതുമാണ്.
10. വോട്ടെണ്ണൽ ദിനത്തിൽ വരണാധികാരി വോട്ടെണ്ണി ഫലം പരസ്യമായി പ്രഖ്യാപിക്കേണ്ടതും Trend സോഫ്റ്റ്‌വെയറിൽ പ്രസ്തുത ഡേറ്റ അപ്‌ലോഡ് ചെയ്യേണ്ടതും Online result declaration കൂടി കാലതാമസം കൂടാതെ അതിൽ നടത്തേണ്ടതുമാണ്.
11. ഫലപ്രഖ്യാപനത്തിനുശേഷം കമ്മീഷന്റെ 03.11.2025-ലെ **ബി2/132/2025-സം.തി.ക** നമ്പർ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം രേഖകൾ ട്രഷറിയിൽ സുരക്ഷിത സൂക്ഷിപ്പിൽ വയ്ക്കേണ്ടതും നടപടി ക്രമങ്ങളെല്ലാം പാലിച്ച് സീക്രട്ട് സീൽ നിർദിഷ്ട സമയ പരിധിക്കകം കമ്മീഷനെ തിരികെയേൽപ്പിക്കേണ്ടതുമാണ്.

12. വോട്ടെണ്ണൽ അവസാനിച്ച് ഫലം പ്രഖ്യാപിച്ചു കഴിഞ്ഞതിനും Trend സോഫ്റ്റ് വെയറിലെ നടപടികൾ പൂർത്തികരിച്ചതിനും ശേഷം ഉടൻ 26 -ാം നമ്പർ ഫാറത്തിലുള്ള തിരഞ്ഞെടുപ്പ് സർട്ടിഫിക്കറ്റ്, 25 എ-യിലുള്ള ഫലപ്രഖ്യാപനം എന്നിവയുടെ ഓരോ പകർപ്പ് വ്യക്തമായും തെറ്റുകൾ കൂടാതെയും, വരണാധികാരിയുടെ സാക്ഷ്യപ്പെടുത്തൽ സഹിതം (ഓഫീസ് സീലോടെ) തയ്യാറാക്കി പ്രത്യേക ദൂതൻവശം യഥാസമയം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന് സമർപ്പിക്കുവാൻ നിർദ്ദേശം നൽകണം.
13. തിരഞ്ഞെടുപ്പിൽ വിജയികളായവർ അതത് തദ്ദേശസ്ഥാപനങ്ങളിൽ വച്ച് അദ്ധ്യക്ഷൻ മുമ്പാകെ സത്യപ്രതിജ്ഞ/ദൃഢപ്രതിജ്ഞ ചെയ്ത് സ്ഥാനം ഏറ്റെടുക്കേണ്ടതും സത്യപ്രതിജ്ഞാ ഫാറത്തിലും സത്യപ്രതിജ്ഞാ രജിസ്റ്ററിലും ഒപ്പുവയ്ക്കേണ്ടതും ബന്ധപ്പെട്ട സെക്രട്ടറിമാർ അവ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം ഭദ്രമായി സൂക്ഷിച്ചു പോരേണ്ടതുമാണ്.
14. തദ്ദേശസ്ഥാപന സെക്രട്ടറിമാർ കമ്മീഷന്റെ 15.12.2025-ലെ **ബി2/132/2025-SEC(1)** നമ്പർ സർക്കുലറിലെ നടപടിക്രമങ്ങൾ പാലിച്ച് കക്ഷിബന്ധ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തി അപ്ഡേറ്റ് ചെയ്ത് സൂക്ഷിക്കേണ്ടതാണ്.
15. ഉപതിരഞ്ഞെടുപ്പിന്റെ ഭാഗമായുള്ള മാതൃകാ പെരുമാറ്റചട്ടം **2026 ഒക്ടോബർ 01 (വ്യാഴം)** ന് പൂർണ്ണമായി അവസാനിക്കുന്നതാണ്.
16. മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ നിർബന്ധമായും പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

Digitally signed by
SAJEEV E P
Date: 22-09-2026
15:33:14

Sajeev EP
SECRETARY

പകർപ്പ്:

1. ബന്ധപ്പെട്ട വരണാധികാരികൾക്ക്.
2. ബന്ധപ്പെട്ട ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്ക്.
3. കമ്മീഷനിലെ ബന്ധപ്പെട്ട നോഡൽ ഓഫീസർമാർക്കും, സെക്ഷനുകൾക്കും.
4. പബ്ലിക്ക് റിലേഷൻസ് ഓഫീസർ, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ.
5. കമ്മീഷണറുടെ പി.എസ്.
6. കമ്മീഷണറുടെ സി.എ.
7. സെക്രട്ടറിയുടെ സി.എ.

8. ഐ.ടി സെൽ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

9. ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ.

'ജനഹിതം', റ്റി.സി. 27/6(2), വികാസ്ഭവൻ പി.ഒ., തിരുവനന്തപുരം 695033,
ഫോൺ :0471-2325048(അഡ്മിനിസ്ട്രേഷൻ ),0471-2337884(ഇലക്ഷൻ )
e-mail:cru.sec@kerala.gov.in,website:www.sec.kerala.gov.in